ഉത്തരം

(എ) പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി 30 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉല്പാദനം, സംഭരണം, വില്പന, ഉപയോഗം എന്നിവ 1-9-2003 മുതൽ സംസ്ഥാനത്തെ എല്ലാ നഗരസഭാ/പഞ്ചായത്തു പ്രദേശങ്ങളിലും നിരോധിച്ചിട്ടുണ്ട്. നിരോധനം പ്രാവർത്തികമാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന തീർത്ഥാടന കേന്ദ്രങ്ങൾ ചരിത്ര സ്മാരകങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന സ്ഥലങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ, കല്പറ്റ എന്നീ നഗരസഭകളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമുങ്ങിന്റെ പാള ഉപയോഗിച്ച് പ്ലേറ്റുകൾ, ഗ്ലാസ്സുകൾ എന്നിവ നിർമ്മിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ

91 [809] ശ്രീ. ടി. എൻ. പ്രതാപൻ:
„ കെ. ബാബു:
„ എ. പി. അനിൽകുമാർ:
„ വി. ഡി. സതീശൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നു;

(സി) പ്രവർത്തനക്ഷമമാണെങ്കിലും എത്രയെണ്ണം പ്രവർത്തിക്കാതിരിക്കുന്നു;

(ഡി) അതിനുള്ള കാരണങ്ങളെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഖര മാലിന്യ നിർമ്മാർജ്ജനത്തിന് കോഴിക്കോട്, തിരുവനന്തപുരം, നെടുമങ്ങാട് നഗരസഭകളിൽ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇവ മൂന്നെണ്ണവും പ്രവർത്തിക്കുന്നുണ്ട്.

(സി & ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly